LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞിരപ്പള്ളിയിൽ പോലീസ് സ്റ്റേഷൻ

94(2718) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്ക് റവന്യൂ വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അത് എയു ഘട്ടത്തിലാണ്;

(ബി) സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ & ബി) കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ (ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം സമർപ്പിച്ച ശിപാർശ) 18-01-2016-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

95(*T 2719) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളും തലമുറകളായി പ്രസ്തുത വസ്തുവിൽ താമസിച്ചു വരുന്നതുമായ മത്സ്യതൊഴിലാളി സമൂഹത്തിന് കൈമാറ്റ അവകാശത്തോടുകൂടി പട്ടയം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, അടിയന്തരനടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള കണക്കെടുപ്പോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ് നിഗമനം/വിലയിരുത്തൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11(2) (V), 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 6 (2) (V) എന്നിവ പ്രകാരം സമുദ്രത്തിലെ ഉയർന്ന ജലനിരപ്പിൽ നിന്നും 100 അടിക്ക് ഉള്ളിലുള്ള (30.48) മീറ്റർ പ്രദേശത്ത് മത്സ്യത്തൊഴിലാളികൾക്ക് താൽക്കാലികമായി ഭൂമി പതിച്ചു നൽകുന്നതിനെ വ്യവസ്ഥയുള്ളൂ. ഈ പരിധിക്ക് പുറത്ത് കൈമാറ്റ അവകാശത്തോടുകൂടി പട്ടയം നൽകുന്നതിന് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം തടസ്സമില്ലാത്തതിനാൽ അപേക്ഷകരുടെ അർഹത പരിശോധിച്ച് പട്ടയം നൽകി

* T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.